# കേന്ദ്രസർക്കാർ എല്ലാവിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പുവരുത്തണം

പിന്നാക്കസമുദായങ്ങളിലെ മേൽത്തട്ടുകാരെ നിശ്ചയിക്കാനുള്ള വാർഷികവരുമാനപരിധി 6 ലക്ഷം രൂപയിൽനിന്നും 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്രമന്ത്രിസഭായോഗം തീരുമാനം എടുത്തിരിക്കുകയാണ്. ഇതുമൂലം 8 ലക്ഷം രൂപ വരെ വാർഷികവരുമാനപരിധിയിലുള്ള പിന്നാക്കവിഭാഗക്കാർക്ക് കേന്ദ്രസർക്കാർ നിയമനങ്ങളിൽ സംവരണാനുകൂല്യങ്ങൾ ലഭിക്കുമെന്ന് ചുരുക്കം. കേന്ദ്രസർക്കാർ സർവീസിൽ ലഭിക്കുന്ന ഈ ആനുകൂല്യങ്ങൾ ബാങ്കുകൾ, ഇൻഷുറൻസ് സ്ഥാപനങ്ങൾ എന്നീ പൊതുമേഖലാസ്ഥാപനങ്ങളിൽകൂടി ബാധകമാക്കിക്കൊണ്ട് കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുകയാണ്. അതേസമയംതന്നെ, നിലവിലുള്ള സംവരണനയം പുനഃപരിശോധിക്കുകയില്ലെന്ന നിലപാടും കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളതായി അറിയുന്നു.

കേന്ദ്രസർക്കാരിന്റെ ഈ നിലപാടുകൾ സംവരണസമുദായങ്ങളിലെ സമ്പന്നർക്ക് ഗുണകരവും, അവരിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഇതൊരു കെണിയും ആവുമെന്ന കാര്യത്തിൽ സംശയമില്ല. അതേസമയംതന്നെ, ഇത് സംവരണേതരസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കെതിരെയുള്ള ഒരു വെല്ലുവിളിയുമാണ്. പതിറ്റാണ്ടുകളായി യാതൊരു പഠനമോ വിലയിരുത്തലോ കൂടാതെ തുടർന്നുവരുന്ന സംവരണനയം പുനഃപരിശോധിക്കില്ല എന്ന കേന്ദ്രസർക്കാരിന്റെ നിലപാട് സംവരണസമുദായങ്ങളിലെയും സംവരണേതരസമുദായങ്ങളിലെയും പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഒരു കനത്ത തിരിച്ചടിയായിരിക്കുകയുമാണ്.

നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത സംവരണേതരസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും, അവർക്കായുള്ള ക്ഷേമപദ്ധതികളും നിശ്ചയിക്കുന്നതിനായി കേന്ദ്രസർക്കാർ നിയോഗിച്ച റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹു അദ്ധ്യക്ഷനായുള്ള ദേശീയകമ്മീഷൻ സർക്കാരിന് 2010 ജൂലൈയിൽ സമർപ്പിച്ച റിപ്പോർട്ടിലെ മുഖ്യശിപാർശ, ആദായനികുതിയുടെ പരിധിയിൽപെടാത്ത മുന്നാക്കസമുദായങ്ങളിലുള്ളവരെ ഒ.ബി.സി.ക്ക് തുല്യമായി പരിഗണിക്കണം എന്നുള്ളതാണ്. മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ ക്ഷേമപദ്ധതികൾ അവർക്കും ലഭ്യമാക്കണം; കുറഞ്ഞ നിരക്കിൽ പലിശയുള്ള ഭവനവായ്പകളും സാമൂഹ്യക്ഷേമപദ്ധതികളും ലഭ്യമാക്കണം; തൊഴിൽ - വിദ്യാഭ്യാസരംഗങ്ങളിൽ അവർക്കുകൂടി സംവരണം ഉറപ്പാക്കണം; ഇതിലേക്കാവശ്യമായ മറ്റു നിയമപരമായ നടപടികളും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണം എന്നീ ശുപാർശകളും ഉള്ളതായിട്ടാണ് അറിയാൻ കഴിഞ്ഞത്. പ്രസ്തുത റിപ്പോർട്ടിന്മേൽ മൂന്നുവർഷത്തിലേറെക്കാലമായി ഒരു നടപടിയും ഇതേവരെ സ്വീകരിക്കാത്തതും അവർക്ക് നീതി നിഷേധിച്ചിരിക്കുന്നതുമായ അവസ്ഥയിലാണ് ഇപ്പോഴത്തെ ഈ നടപടികൾ.

രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിലേറിയ കേന്ദ്രസർക്കാരിന്റെ ഇത്തരം സമീപനം, എന്തിനുവേണ്ടിയാണെങ്കിലും, ജനങ്ങളുടെയിടയിൽ വിഭാഗീയത വളർത്താനും രാജ്യത്ത് അസന്തുലിതാവസ്ഥയും അരാജകത്വവും സൃഷ്ടിക്കുവാനും മാത്രമേ ഉപകരിക്കൂ. സാമൂഹികമായ ഈ അനീതികൾക്കെതിരെ നിശബ്ദമായി പ്രതികരിക്കുന്ന നല്ലൊരുവിഭാഗം ജനങ്ങൾ രാജ്യത്തുണ്ടെന്ന കാര്യം കേന്ദ്രസർക്കാർ ഓർക്കണം. അവരിൽനിന്നും കൂടുതൽ പ്രതികരണങ്ങൾക്ക് അവസരം ഉണ്ടാക്കാതെ, എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പാക്കാനുള്ള സത്വരനടപടി സ്വീകരിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യേണ്ടത്.